സി1/9366/റ്റിസി/2016

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 27-05-2016

## സർക്കുലർ നം. 19/2016

വിഷയം: മോട്ടോർ വാഹന വകുപ്പ്-മേൽ വിലാസം തെളിയിക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന: ഈ വിഷയത്തിൽ ഇതിനു മുൻപ് നൽകിയ നിർദ്ദേശങ്ങൾ

മോട്ടോർ വാഹന വകുപ്പിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾക്ക് , മേൽ വിലാസം, അപേക്ഷകന്റെ ജനനത്തീയതി എന്നിവ തെളിയിക്കുന്നതിനായി സ്വീകരിക്കേണ്ട രേഖകളെ കുറിച്ച് കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ 4ൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത രേഖകൾ ഹാജരാക്കുവാൻ കഴിയാത്തവർക്ക് നോട്ടറി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം ഉപയോഗിച്ച് പ്രസ്തുത സേവനം ലഭ്യമാക്കുവാൻ പ്രസ്തുത ചട്ടം നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത ആനുകൂല്യം ഉപഭോക്താക്കൾ ദുരുപയോഗം ചെയ്തു വാഹനങ്ങൾ രജിസ്റ്റർ ചെയ്യുകയും, ലൈസൻസുകൾ കരസ്ഥമാക്കുകയും ചെയ്തു വരുന്നതായി ശ്രദ്ധയിൽ പെട്ടിരിക്കുന്നു. ആയതിനാൽ അപേക്ഷകന്റെ സ്ഥിരം മേൽ വിലാസം തെളിയിക്കുന്നതിനായി സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലത്തിനൊപ്പം , സർക്കാർ/അർദ്ധ സർക്കാർ വകുപ്പുകൾ നൽകിയിട്ടുള്ളതോ, മറ്റേതെങ്കിലുമോ രേഖകൾ കൂടി സമർപ്പിക്കേണ്ടതാണ്. താത്ക്കാലിക മേൽ വിലാസം തെളിയിക്കുന്നതിനായാണ് സത്യവാങ്മൂലം സമർപ്പിക്കുന്നതെങ്കിൽ പ്രസ്തുത മേൽ വിലാസത്തിൽ അപേക്ഷകൻ താമസിക്കുന്നതായി/സ്ഥാപനം പ്രവർത്തിക്കുന്നതായി ഉറപ്പു വരുത്തുന്നതിനായി പ്രസ്തുത കെട്ടിടത്തിന്റെ ഉടമയിൽ നിന്നും ലഭിച്ചിട്ടുള്ള വാടകക്കരാറിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും, ടിയാന്റെ തിരിച്ചറിയൽ രേഖയുടെ പകർപ്പും വാങ്ങേണ്ടതാണ്. പ്രസ്തുത വാടകക്കരാറിൽ കെട്ടിട നമ്പർ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ പ്രസ്തുത രേഖകൾ സമർപ്പിക്കുവാൻ അപേക്ഷകന് സാധ്യമല്ലാതെ വരുകയാണെങ്കിൽ പ്രസ്തുത വിവരം അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറെ കൊണ്ട് /അന്വേഷിച്ച് ഉറപ്പു വരുത്തിയതിന് ശേഷം മാത്രം പ്രസ്തുത സേവനം ചെയ്തു കൊടുത്താൽ മതിയെന്നും ഇതിനാൽ നിർദ്ദേശിക്കുന്നു.

ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

അംഗീകാരത്തോടെ

13-06-2016

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)